ചേർത്തിരിക്കുന്നു.* 2009-2010 സാമ്പത്തിക വർഷം മുൻവർഷങ്ങളിൽ ഉപയോഗിക്കാത്ത 50% കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ബാക്കി നിക്കിയിരുപ്പുള്ള ആകെ തുകയായ മൂന്ന് കോടി അൻപത്തിരണ്ടത് ലക്ഷത്തി പതിനായിരം രൂപ അനുവദിക്കുകയുണ്ടായി. ടി തുകയിൻമേലുള്ള ഇനം തിരിച്ചുള്ള ചെലവ് സംബന്ധിച്ചുള്ള വിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.* 2009-2010 സാമ്പത്തിക വർഷം എൻ.എൽ.ആർ.എം.പി.-യുടെ കീഴിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും ആറുകോടി മുപ്പത്താറ്ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി. ടി. തുകയിൻമേലുള്ള ഇനം തിരിച്ചുള്ള ചെലവ് സംബന്ധിച്ചുള്ള വിവരം അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

ഭൂമി കേരളം പദ്ധതിപ്രകാരം പൂർത്തിയാക്കിയ റീസർവ്വേ

165(868) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റീസർവ്വേയുമായി ബന്ധപ്പെട്ട ഭൂമി കേരളം പദ്ധതിപ്രകാരം കേരളത്തിൽ എത്ര വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കി റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ നാളിതുവരെ നടന്ന പ്രവൃത്തികളുടെ അവലോകന റിപ്പോർട്ട് ലഭ്യമാക്കുമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(സി) ഈ പദ്ധതിക്കായി നാളിതുവരെ വിനിയോഗിച്ച തുകയെത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) ഈ പദ്ധതിക്കുവേണ്ടി കേന്ദ്രസർക്കാർ എത്ര തുക ലഭ്യമാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഇ) ഈ പദ്ധതിക്കായി സംസ്ഥാന സർക്കാരിന്റെ വിഹിതം എത്രയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഭൂമികേരളം പദ്ധതി പ്രകാരം സർവ്വേ നടപടികൾ പൂർത്തിയാക്കിയ വില്ലേജുകൾ റവന്യൂ ഭരണത്തിന് കൈമാറുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഭൂമികേരളം പദ്ധതിയുടെ കീഴിൽ വനാവകാശ സർവ്വേ, ചെങ്ങറ പുനരധിവാസ സർവ്വേ, അലിഗഢ് യൂണിവേഴ്സിറ്റി സ്ഥലമെടുപ്പ് സർവ്വേ പുൽമേട് ദുരന്തസ്ഥലം സർവ്വേ, പോലീസ് ഹെഡ്കാർട്ടേഴ്സ്, വെള്ളയമ്പലം, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് തുടങ്ങി നിരവധി സ്പെഷ്യൽ ജോലികൾ ഏറ്റെടുത്ത് പൂർത്തിയാക്കിയതിനാൽ റീ-സർവ്വേ ജോലികൾക്ക് ഉദ്ദേശിച്ച പുരോഗതി കൈവരിക്കാനായില്ല.

(ബി) ഭൂമികേരളം പദ്ധതിയുടെ നാളിതുവരെയുള്ള പ്രവൃത്തികളുടെ അവലോകനങ്ങൾ അനുബന്ധം ഒന്ന് ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഭൂമികേരളത്തിന് കേന്ദ്രാവിഷ്കൃത പദ്ധതി 50% സി.എസ്.എസ്. ഇനത്തിൽ 2008-2009 സാമ്പത്തിക വർഷം രണ്ട് കോടി നാൽപ്പത്തിനാല് ലക്ഷത്തി അമ്പതിനായിരം രൂപ ലഭിക്കുകയുണ്ടായി. ടി തുകയിൻമേലുള്ള ഇനം തിരിച്ചുള്ള ചെലവ് സംബന്ധിച്ചുള്ള വിവരം അനുബന്ധം രണ്ട് ആയി ചേർക്കുന്നു.* 2009-2010 സാമ്പത്തിക വർഷം മുൻവർഷങ്ങളിൽ ഉപയോഗിക്കാത്ത 50% കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ബാക്കി നിക്കിയിരിപ്പുള്ള ആകെ തുകയായ മൂന്ന് കോടി അമ്പത്തി ഒമ്പത് ലക്ഷത്തി പതിനായിരം രൂപ അനുവദിക്കുകയുണ്ടായി. ടി തുകയിൽ മേലുള്ള ഇനം തിരിച്ചുള്ള ചെലവ് സംബന്ധിച്ചുള്ള വിവരം അനുബന്ധം മൂന്ന് ആയി ചേർക്കുന്നു.* 2009-2010 സാമ്പത്തിക വർഷം എൻ.എൽ.ആർ.എം.പി.-യുടെ കീഴിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും ആറ് കോടി മുപ്പത്താറ്ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി. ടി തുകയിൻ മേലുള്ള ഇനം തിരിച്ചുള്ള ചെലവ് സംബന്ധിച്ചുള്ള വിവരം അനുബന്ധം നാല് ആയി ചേർക്കുന്നു.*

(ഡി) 2008-2009 സാമ്പത്തിക വർഷം എസ്.ആർ.എ.&യു.എൽ.ആർ.50% സി.എസ്.എസ്. ഇനത്തിൽ കേന്ദ്രസർക്കാർ 1 കോടി 22 ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപയും 2009-2010 സാമ്പത്തിക വർഷം എസ്.ആർ.എ. & യു.എൽ. ആർ 50% സി.എസ്.എസ്. ഇനത്തിൽ 1 കോടി 79 ലക്ഷത്തി അമ്പതിനായിരം രൂപയും ലഭിക്കുകയുണ്ടായി.

(ഇ) 2009-2010 സാമ്പത്തിക വർഷം എൻ.എൽ.ആർ.എം.പി. സ്കീമിൽ സംസ്ഥാന വിഹിതമായി 3 കോടി 18 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ഭൂരഹിതർക്ക് ഭൂമി നൽകൽ പദ്ധതിയുടെ പുരോഗതി

166(869) ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ഭൂരഹിതർക്ക് സൗജന്യമായി ഭൂമി വിതരണം ചെയ്യുന്ന പദ്ധതിപ്രകാരം എത്ര ഏക്കർ ഭൂമി, എത്ര കുടുംബങ്ങൾക്ക് നൽകി എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇനി സംസ്ഥാനത്ത് ഭൂരഹിതരായി എത്ര കുടുംബങ്ങൾ ഉണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത് ;

(സി) ഇനിയും അവശേഷിക്കുന്ന ഭൂമഹിതരായ കുടുംബങ്ങൾക്ക് ഭൂമി നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ഭൂരഹിതർക്ക് സൗജന്യമായി ഭൂമി വിതരണം ചെയ്യുന്ന പ്രത്യേക പദ്ധതിയൊന്നും റവന്യൂ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly